**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 562** — **05-10-2021 - ൽ മറുപടിയ്ക്ക്**

**ദിനേശ് ബീഡി കമ്പനിയിൽ സെക്രട്ടറി നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ദിനേശ് ബീഡി കമ്പനിയുടെ സെക്രട്ടറി സ്ഥാനത്തേക്ക് നിയമിതനാകുന്നതിനുള്ള യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘത്തിന്റെ ബൈലോ 14 പ്രകാരം വ്യവസായ വാണിജ്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വഴിയാണ് സെക്രട്ടറി തസ്തികയിലേക്കുള്ള നിയമനം. |
| (ബി) | സർക്കാർ ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരാകുന്ന സെക്രട്ടറി തസ്തികയിൽ സർവീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥൻ അഞ്ച് വർഷത്തിൽ അധികമായി ഉയർന്ന ശമ്പളത്തിൽ തുടരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം വ്യവസായ വാണിജ്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചു വെങ്കിലും, വ്യവസായ വാണിജ്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരുംതന്നെ സെക്രട്ടറിയായി വരുന്നതിന് സന്നദ്ധരല്ലാത്തതിനാലാണ് കഴിവും, പ്രവർത്തന പരിചയവും പരിഗണിച്ച് നിലവിലുള്ള സെക്രട്ടറി കേരള സഹകരണ വകുപ്പ് 185 (എ) ചട്ടപ്രകാരം വ്യവസായ വാണിജ്യ ഡയറക്ടറുടെ അനുമതിയോടെ ചുമതല വഹിക്കുന്നത്. ഡെപ്യൂട്ടേഷനിൽ നിയമിതരാകുന്ന ജീവനക്കാരന് നൽകേണ്ടതിലും കുറഞ്ഞ ശമ്പളമാണ് സെക്രട്ടറിയ്ക്ക് ഇപ്പോൾ നൽകി വരുന്നത്. സെക്രട്ടറിയെ നിയമിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |
| (സി) | സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് ഖജനാവിന് വൻ ബാധ്യത ഉണ്ടാക്കുന്ന ഈ നടപടി അടിയന്തരമായി അവസാനിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം വ്യവസായ വാണിജ്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചു വെങ്കിലും, വ്യവസായ വാണിജ്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരുംതന്നെ സെക്രട്ടറിയായി വരുന്നതിന് സന്നദ്ധരല്ലാത്തതിനാലാണ് കഴിവും, പ്രവർത്തന പരിചയവും പരിഗണിച്ച് നിലവിലുള്ള സെക്രട്ടറി കേരള സഹകരണ വകുപ്പ് 185 (എ) ചട്ടപ്രകാരം വ്യവസായ വാണിജ്യ ഡയറക്ടറുടെ അനുമതിയോടെ ചുമതല വഹിക്കുന്നത്. ഡെപ്യൂട്ടേഷനിൽ നിയമിതരാകുന്ന ജീവനക്കാരന് നൽകേണ്ടതിലും കുറഞ്ഞ ശമ്പളമാണ് സെക്രട്ടറിയ്ക്ക് ഇപ്പോൾ നൽകി വരുന്നത്. സെക്രട്ടറിയെ നിയമിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ